(ഡി) ഉണ്ട്.

(ഇ) ചോദ്യം (ബി)-യിലെ മറുപടി ഇതിന് ബാധകമാണ്.

സർക്കാർ യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

33 [1134] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലയിൽ എത്ര സർക്കാർ സ്കൂളുകൾ യു. പി., എച്ച്. എസ്. അപ്ഗ്രഡേഷനുവേണ്ടി അപേക്ഷകൾ നൽകിയിട്ടുണ്ട് ;

(ബി) ഇതിൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രധാന സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 11 സ്ക്കൂളുകൾ.

(ബി & സി) സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

കാലിച്ചാമരം പൊതുജന വിജ്ഞാന വായനശാല ആന്റ് ഗ്രന്ഥശാലയുടെ പ്രവർത്തനം

34 [1135] ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്ദുർഗ്ഗ് താലൂക്കിലെ കാലിച്ചാമരം പൊതുജന വിജ്ഞാന വായനശാല ആന്റ് ഗ്രന്ഥശാലയുടെ (രജിസ്റ്റർ നമ്പർ 2575) നിലവിലുള്ള നിർവ്വാഹക സമിതി നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ടതല്ലെന്ന് അറിയിച്ചുകൊണ്ടും ആയതിനാൽ പ്രസ്തുത ഗ്രന്ഥശാലക്കുള്ള 2005-06 വർഷത്തെ ഗ്രാന്റ് തടഞ്ഞു വയ്ക്കണമെന്നും ആവശ്യപ്പെട്ട് എന്തെങ്കിലും നിവേദനമോ കത്തോ സംസ്ഥാന ലൈബ്രറി കൗൺസിലിന് ലഭിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(ബി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് കാസർഗോഡ് ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറിയിൽ നിന്നും ഹോസ്ദുർഗ്ഗ് താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറിയിൽ നിന്നും ലഭിച്ച കത്തിന്റെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

* ടേബിൾ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly